"ഭരണഭാഷ–മാതൃഭാഷ"

നം. എഫ്2/12835/2022

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
എറണാകുളം, തീയതി. 27.01.2022
Phone No. 0484 2422227, 0484 2422210
E-mail : ddeekm.dge@kerala.gov.in

<u>പത്രക്കുറിപ്പ്</u>

2021–23 അദ്ധ്യയന വർഷത്തേക്കുള്ള ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (ഡി.എൽ.എഡ്.) പ്രവേശനം.

2021–23 വർഷത്തേക്കുള്ള ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (ഡി.എൽ.എഡ്.) ഹ്യമാനിറ്റീസ് വിഭാഗത്തിൽ ജില്ലയിലെ 2 അൺ എയ്ഡഡ് സ്ഥാപനങ്ങളിലേക്ക് അപേക്ഷിക്കാം.

യോഗ്യതകൾ

- കേരളത്തിലെ ഹയർ സെക്കണ്ടറി പരീക്ഷാ ബോർഡ് നടത്തുന്ന ഹയർ സെക്കണ്ടറി പരീക്ഷ അല്ലെങ്കിൽ തത്തുല്യമായ കേരള സർക്കാർ അംഗീകരിച്ചിട്ടുള്ള പരീക്ഷയിൽ ചുരുങ്ങിയത് 50% മാർക്ക് നേടിയിരിക്കണം.
- കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റി നടത്തുന്ന പ്രീ–ഡിഗ്രീ അല്ലെങ്കിൽ തത്തുല്യമായി അംഗീകരിച്ചിട്ടുള്ള പരീക്ഷയിൽ ചുരുങ്ങിയത് 50% മാർക്ക് നേടിയിരിക്കണം.
- ഹുമാനിറ്റീസ് വിഭാഗത്തിന് 7 സീറ്റുകളാണ് നിലവിൽ ഒഴിഞ്ഞു കിടക്കുന്നത് ( HMTTI, MUVATTUPUZHA-6 , MES EDATHALA-1 )
- അൺ എയ്ഡഡ് ടി ടി ഐ ലേക്ക് ഉള്ള പ്രവേശനം ആയതിനാല് **DEPUTY DIRECTOR EDUCATION, ERNAKULAM** എന്ന പേരിൽ 100/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് അപേക്ഷാ ഫീസായി അപേക്ഷയോടൊപ്പം ഉൾക്കൊള്ളിക്കേണ്ടാതാണ്

അപേക്ഷകളും അനുബന്ധ രേഖകളും കാക്കനാട് സിവിൽ സ്റ്റേഷനിലുള്ള വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നേരിട്ടോ, തപാൽ മുഖേനയോ സമർപ്പിക്കാവുന്നതാണ്. മേൽപ്പറഞ്ഞ രീതിയിൽ അല്ലാതെ ലഭിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. അപേക്ഷയിൽ മൊബൈൽ നമ്പർ കൂടി ഉൾപ്പെടുത്തേണ്ടതാണ്. **അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 01/02/2022**

അപേക്ഷാ ഫാറവും വിശദവിവരവും www.education.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

ഹണി ജി അലക്സാണ്ടർ
(PEN.No. 260395)
വിദ്യാഭ്യാസ ഉപഡയറക്ടർ
എറണാകുളം